നെടുമ്പാശ്ശേരി-അങ്കമാലി എയർപോർട്ട് റോഡ്

69 (3628) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യൂ.ഡി. എറണാകുളം ഡിവിഷൻ ആലുവ സബ് ഡിവിഷന്റെ കീഴിൽ നെടുമ്പാശ്ശേരി-അങ്കമാലി എയർപോർട്ട് റോഡ് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റോഡ് നിർമ്മാണ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നേയ്ക്ക് പണി ആരംഭിക്കുവാൻ കഴിയും എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) നെടുമ്പാശ്ശേരി-അങ്കമാലി എയർപോർട്ട് റോഡ് നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഓച്ചിറ-ആയിരംതെങ്ങ് റോഡ് പണി പൂർത്തിയാക്കാൻ നടപടി

70 (3629) ശ്രീ. എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ ഓച്ചിറ-ആയിരംതെങ്ങ് റോഡ് ടെണ്ടർ നൽകിയിട്ടും കഴിഞ്ഞ രണ്ടു വർഷങ്ങളായി പണി പൂർത്തിയാക്കാതെ കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിന്റെ കോൺട്രാക്ടർക്ക് പണി പൂർത്തിയാക്കാൻ എത്ര തവണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇനിയും കാലതാമസം ഇല്ലാതെ ഈ റോഡിന്റെ പണി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്ന് തവണ.

(സി) ഈ റോഡ് പണി ദീർഘിപ്പിച്ച സമയപരിധിക്കുള്ളിൽ ചെയ്തു തീർക്കുവാൻ കോൺട്രാക്ടർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്.

തെക്കേടത്ത് കടവ് പാലത്തിന്റെ നിർമ്മാണം

71 (3630) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തെക്കേടത്ത് കടവ് പാലത്തിനുള്ള എസ്റ്റിമേറ്റ് സംഖ്യ എത്രയാണെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പാലത്തിന്റെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(സി) പാലം നിർമ്മാണം നബാർഡ് സഹായത്തോടെ നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 308 ലക്ഷം രൂപ.

(ബി) ഉണ്ട്.

(സി) ഈ പാലം നിർമ്മാണത്തിന് നബാർഡ് സഹായം ലഭ്യമാകുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

നീലേശ്വരത്തെ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പുരോഗതി

72 (3631) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോസ്ദുർഗ് മണ്ഡലത്തിലെ നീലേശ്വരത്ത് നിർമ്മിക്കുന്ന റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റെയിൽവേ മേൽപ്പാലത്തിന്റെ പണി നിർത്തി വയ്ക്കാനുണ്ടായ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(സി) പണി നിർത്തിവച്ചതുകൊണ്ട് മലയോരമേഖലകളിലെ ജനങ്ങൾക്കും പരിസരവാസികൾക്കും ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഗണിച്ച് പ്രസ്തുത പാലത്തിന്റെ പണി അടിയന്തരമായി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ-സി) ഈ പാലത്തിന്റെ നിർമ്മാണ ജോലികൾ നടത്തിവന്ന കരാറുകാരുടെ കീഴിൽ പ്രവർത്തിച്ചിരുന്ന വിദഗ്ദ്ധ സംഘം ചില തർക്കങ്ങളെ തുടർന്ന് ജോലി ഉപേക്ഷിച്ചു പോയതുമൂലം പണി നിർത്തിവയ്ക്കേണ്ടി വന്നു. ഇവർ കരാറുകാർക്കെതിരെ ഹോസ്ദുർഗ്ഗ് മുൻസിഫ് കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ് തീരുമാനമാക്കി എത്രയും വേഗം പാലം പണി പുനരാരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു.

കുന്ദമംഗലം മണ്ഡലത്തിൽ നടത്തിയ പൊതുമരാമത്ത് പണികൾ

73 (3632) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം മണ്ഡലത്തിൽ നടത്തിയ പൊതുമരാമത്ത് പണികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly